# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 5548** **01.07.2019-ൽ മറുപടിക്ക്**

### വിനോദസഞ്ചാരമേഖല പരിസ്ഥിതി സൗഹൃദമാക്കാൻ നടപടി

ചോദ്യം
ശ്രീ. കെ. സി. ജോസഫ് :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല കൂടുതൽ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വ്യക്തമാക്കുമോ; | (എ) | പരിസ്ഥിതിക്ക് കോട്ടം വരാത്ത വിധത്തിലാണ് വിനോദ സഞ്ചാര വകുപ്പ് നിലവിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത്. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പു വരുത്താൻ ആസൂത്രണം ചെയ്ത ഗ്രീൻ കാർപറ്റ് കർമ്മ പദ്ധതിയിലെ പ്രധാന അജൻഡയായി ഹരിതതത്വം പ്രോത്സാഹിപ്പിക്കൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികളുടെ പ്രോത്സാഹനവും വിപുലീകരണവുമാണ് വകുപ്പ് ആവിഷ്കരിച്ച് വരുന്നത്. ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് നിരോധനവും ഘട്ടം ഘട്ടമായി നടപ്പാക്കുന്നുണ്ട്. |
| ബി) | ക്ലീൻ സാനിട്ടേഷൻ ക്യാമ്പയിൻ മുഖേന വിനോദസഞ്ചാരമേഖലകളിൽ മാലിന്യസംസ്കരണവും ശുചീകരണപ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നുണ്ടോ; വിശദമാക്കുമോ; | ബി) | വിവിധ ഏജൻസികളുമായി ചേർന്ന് പരിസ്ഥിത സൗഹൃദ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമാണം, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണവും അതിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും വകുപ്പ് നടപ്പിലാക്കുന്നുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സമഗ്ര ശുചീകരണവും മാലിന്യ സംസ്കരണവും ലക്ഷ്യമാക്കുന്ന ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംപെയിൻ പദ്ധതി സംസ്ഥാനത്തെ 56 വിനോദ സഞ്ചാര കേന്ദങ്ങളിൽ നടപ്പാക്കി വരുന്നു. 14 ജില്ലകളിലും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷനുമായി സഹകരിച്ചാണ് നടപ്പാക്കുന്നത്. മാലിന്യ സംസ്കരണവും ശുചീകരണവും മുഖ്യഘടകമായുള്ള ഗ്രീൻ കാർപറ്റ് പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 78 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പാക്കി വരുന്നു. ഓരോ കേന്ദ്രങ്ങളിലും ജനപ്രതിനിധികൾ, വിവിധ വകുപ്പിലെ ഉദ്യോഗസ്ഥർ , ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, എൻ. ജി. ഒ കൾ, പ്രദേശവാസികൾ തുടങ്ങിയവരെ ഏകോപിപ്പിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. |

| | | | |
|---|---|---|---|
| | | | |
| സി) | ടൂറിസം നയത്തിന്റെ ഭാഗമായി പ്രസ്തുത മേഖലയിൽ ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | സി) | ടൂറിസം നയത്തിന്റെ ഭാഗമായി ഹരിത പെരുമാറ്റ ചട്ടം നടപ്പാക്കാൻ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനുള്ള മാർഗനിർദ്ദേശവും നൽകിയിട്ടുണ്ട്. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗം ഘട്ടംഘട്ടമായി നിയന്ത്രിക്കാനുള്ള നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നത്. ഹരിത പെരുമാറ്റ ചട്ടം നിലവിൽ വന്നതോടെ ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ അളവ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ചില കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണമായി ഒഴിവാക്കാനായിട്ടുണ്ട്. ഘട്ടംഘട്ടമായി കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ പ്ലാസ്റ്റിക് വിമുക്തമാക്കാനാണ് വകുപ്പ് ലക്ഷമിടുന്നത്. |
| ഡി) | ഗ്രീൻ സർട്ടിഫിക്കേഷനിൽ ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ഡി) | നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ